**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2821** **28-02-2023 - ൽ മറുപടിയ്ക്ക്**

**പരുത്തിപ്പള്ളി റെയിഞ്ചിൽ തൊണ്ടിമുതൽ നഷ്ടപ്പെട്ട വിഷയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പരുത്തിപ്പള്ളി റെയിഞ്ചിൽ 2001 മുതൽ 2004 വരെയുള്ള കാലയളവിൽ തൊണ്ടിമുതൽ നഷ്ടപ്പെട്ട എത്ര ഒ.ആർ. കേസ്സുകളിൽ വനം വകുപ്പ് പാരാജയപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തമോ; ഇതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി വിശദീകരിക്കാമോ; | (എ) | **പരുത്തിപ്പള്ളി റെയിഞ്ചിൽ നിന്നും തൊണ്ടി മുതൽ നഷ്ടപ്പെട്ട ഒ.ആർ.15/2001, ഒ.ആർ.21/2002, ഒ.ആർ.9/2004 എന്നീ കേസുകളിൽ വനം വകുപ്പ് പരാജയപ്പെട്ടിട്ടുണ്ട്. ഇതിൽ ഒ.ആർ.21/2002 കേസിന്മേൽ വകുപ്പുതല അച്ചടക്കനടപടി പൂർത്തീകരിച്ചിട്ടുണ്ട്. ഒ.ആർ.15/2001 കേസിൽ ഡിവിഷൻ തലത്തിൽ അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്.**<br><br>**തൊണ്ടി മുതലുകൾ കാണാതായത് സംബന്ധിച്ച് അന്വേഷണ വിധേയമായി പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായിരുന്ന ശ്രീമതി.ദിവ്യ.എസ്.എസ്.റോസ്, ശ്രീ.ആർ.വിനോദ് എന്നിവരെ സസ്പെൻഡ് ചെയ്ത് അച്ചടക്കനടപടി സ്വീകരിച്ച് വരികയാണ്. കൂടാതെ പരുത്തിപ്പള്ളി റെയിഞ്ചിലെ ഒ.ആർ.9/16, 14/04 നമ്പർ കേസുകളിലെ തൊണ്ടിവകകൾ കാണാതായ വിഷയത്തിൽ പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.റ്റി.എഫ്.ഷാജിജോസിനെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.** |
| (ബി) | മേൽപ്പറഞ്ഞ വിഷയത്തിൽ 18-22 വർഷം പിന്നിട്ടിട്ടും കുറ്റക്കാരെ കണ്ടെത്തി അച്ചടക്ക നടപടി സ്വീകരിക്കാത്തത് ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ അടിയന്തിരമായി അന്വേഷണം പൂർത്തിയാക്കി തുടർനടപടി സ്വീകരിക്കുമോ; | (ബി) | **പരുത്തിപ്പള്ളി റെയിഞ്ചിൽ തൊണ്ടി മുതലുകൾ മോഷണം പോയത് ഗൗരവമായി കണക്കിലെടുത്ത് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി വരുന്നു. അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.** |
| (സി) | തിരുവനന്തപുരം വന ഡിവിഷനിൽ നടന്ന കോടിക്കണക്കിന് രൂപയുടെ ജണ്ട നിർമാണം, വൈഡൂര്യ ഖനനം, തൊണ്ടി മോഷണ ക്രമക്കേടുകൾ എന്നിവയ്ക്ക് ഉത്തരവാദികളായായ ഉന്നത | (സി) | **തിരുവനന്തപുരം വനം ഡിവിഷന്റെ കീഴിലെ പാലോട് റെയിഞ്ചിൽ പെരിങ്ങമല സെക്ഷനിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് ക്രമക്കേട് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത** |

| | | | |
|---|---|---|---|
| | ഉദ്യോഗസ്ഥരെ ഉൾപ്പടെ കണ്ടെത്തി നിയമത്തിന് മുന്നിൽ കൊണ്ടുവരുമോയെന്ന് വ്യക്തമാക്കുമോ? | | **കാലയളവിൽ പാലോട് റെയിഞ്ചിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി ജോലി നോക്കിയിരുന്ന ശ്രീ.ബി.അജിത്കുമാർ, പെരിങ്ങമല സെക്ഷനിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.ആർ.ബി.അരുൺ കുമാർ എന്നിവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട സർക്കാർ നഷ്ടമായ 8,01,035/-രൂപ ഉത്തരവാദികളായ ജീവനക്കാരിൽ നിന്നും ഈടാക്കുന്നതിനും ആവശ്യമായ തുടർ നടപടി സ്വീകരിച്ചു വരുന്നു.**<br><br>**തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപ്പള്ളി റെയിഞ്ചിൽ നിന്നും തൊണ്ടി വകകൾ നഷ്ടപ്പെട്ട കേസുമായി ബന്ധപ്പെട്ട് പരുത്തിപ്പള്ളി റെയിഞ്ചിലെ മുൻ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരായ ശ്രീമതി.ദിവ്യ.എസ്.എസ് റോസ്, ശ്രീ.ആർ. വിനോദ് എന്നിവരെ സസ്പെൻറ് ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ കൂടുതൽ അന്വേഷണം ആവശ്യമാണെന്ന് കണ്ടതിനാൽ വനം വിജിലൻസ് വിഭാഗം ഒരു പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് തുടർനടപടി സ്വീകരിച്ച് വരുന്നു. കൂടാതെ ഇതുമായി ബന്ധപ്പെട്ട് പരുത്തിപ്പള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന, വിരമിച്ച റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.റ്റി.എഫ്.ഷാജി ജോസിനെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു.**<br><br>**തിരുവനന്തപുരം ഡിവിഷനിലെ പാലോട് റെയിഞ്ചിൽ നടന്ന വൈഡൂര്യ ഖനനവുമായി ബന്ധപ്പെട്ട് ശ്രീ.റ്റി.അജികുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. ടി വിഷയത്തിൽ വിജിലൻസ് വിഭാഗം കോട്ടയം ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ അന്വേഷണം നടത്തി വരികയാണ്. കുറ്റക്കാരായ കൂടുതൽ ജീവനക്കാരെ കണ്ടെത്തുന്ന പക്ഷം ആയവർക്കെതിരെ ഉചിതമായ അച്ചടക്കനടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ